# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 929** **29/09/2016-ൽ മറുപടിയ്ക്ക്**

## കടൽ ഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.നാണു: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ അറക്കൽ ക്ഷേത്രത്തിനു മുമ്പിൽ കടൽ ഭിത്തി നിർമ്മിക്കാൻ എത്ര ലക്ഷം രൂപയുടെ പ്രവൃത്തിയാണ് ഹാർബർ എഞ്ചിനീയറിംഗിന്റെ മേൽനോട്ടത്തിൽ നടത്തിയതെന്ന് വ്യക്തമാക്കാമോ; | എ) ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ അറക്കൽ ക്ഷേത്രത്തിനു മുമ്പിൽ കടൽഭിത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിച്ചിട്ടില്ല. എന്നാൽ ഒഞ്ചിയം പഞ്ചായത്തിൽ സായിമഠം അറയ്ക്കൽ ടെമ്പിൾ കറുകച്ചാൽ ബീച്ച് റോഡിന് തീരദേശറോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ടി പ്രവൃത്തി ഏർപ്പാടാക്കി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഉൾപ്പെടുത്തി 73 മീറ്റർ നീളത്തിൽ റോഡിനായുള്ള സംരക്ഷണ ഭിത്തി കോൺക്രീറ്റ് ബ്ലോക്കുകൾ ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. ടി സംരക്ഷണഭിത്തി നിർമ്മാണത്തിനായി 25.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| ബി) കഴിഞ്ഞ മഴക്കാലത്ത് പ്രദേശത്തെ കടൽഭിത്തി തകർന്നപ്പോൾ പുനർ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | ബി) കഴിഞ്ഞ മഴക്കാലത്ത് ഇളകി വീണ കോൺക്രീറ്റ് ബ്ലോക്കുകൾ പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ